12.11.2024

**പത്രക്കുറിപ്പ്**

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ, ശിശുദിനത്തിൽ (നവംബർ 14 ന്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുട്ടികളുടെ ഹരിതസഭ

മാലിന്യ സംസ്കരണ രംഗത്ത് കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ ശിശുദിനത്തിൽ ഹരിതസഭ സംഘടിപ്പിക്കും. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഹരിതസഭയിൽ രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കും. കോർപ്പറേഷൻ പരിധിയിൽ സ്കൂളുകളുടെ എണ്ണം അനുസരിച്ച് ഒന്നിലധികം ഹരിതസഭ സംഘടിപ്പിക്കും. ആൺ, പെൺ തുല്യാനുപാതത്തിൽ ഒരു ഹരിതസഭയുടെ ഭാഗമാകുന്നത് 200 കുട്ടികളാണ്. നിലവിൽ വിദ്യാലയങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതലയുള്ള നോഡൽ ഓഫീസർമാരായ അധ്യാപകരും ശിശുദിനത്തിൽ ഈ സഭയുടെ ഭാഗമാകും. വിദ്യാലയങ്ങളിൽ നിന്നും ഹരിത സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ അതത് തദ്ദേശ സ്വയംഭരണ പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അവസ്ഥ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി സഭയിൽ അവതരിപ്പിക്കും. സ്കൂളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ കൃത്യമായ നിരീക്ഷണങ്ങൾ, മാലിന്യം കൈകാര്യം ചെയ്യുന്ന രീതി, മാലിന്യം കത്തിക്കുന്നതും വലിച്ചെറിയുന്നതുമായുള്ള പ്രശ്നങ്ങൾ,നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം , നിലവിലുള്ള വെല്ലുവിളികൾ, ദ്രവ മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഹരിത സഭയിൽ ചർച്ച ചെയ്യും. കുട്ടികളുടെ ഹരിതസഭ നിയന്ത്രിക്കുന്നത് അവരിൽ നിന്ന് തന്നെ തിരഞ്ഞെടുക്കപ്പെടുന്ന 11. 12 ക്ലാസുകളിലെ വിദ്യാർത്ഥികളായ എൻ .എസ്. എസ് വോളന്റിയർമാർ ആയിരിക്കും.

ഹരിതസഭയിൽ പങ്കെടുക്കുന്ന കുട്ടികൾ കണ്ടെത്തിയതും, ശേഖരിച്ചതുമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തുടർ നടപടികൾ സ്വീകരിക്കും. വിദ്യാർത്ഥികൾക്ക് അവരവരുടെ വീട്ടിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, മാലിന്യ സംസ്കരണത്തിലെ പോരായ്മകൾ കണ്ടെത്തി അക്കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കാനും ഹരിതസഭ പ്രയോജനപ്പെടുത്താവുന്നതാണ്. കുട്ടികളുടെ ഹരിതസഭയിൽ ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കില, ആർ .ജി.എസ്.എ തുടങ്ങിയവയിലെ റിസോഴ്സ്പേഴ്സൺമാരുടെ സേവനം പ്രയോജനപ്പെടുത്തും. തദ്ദേശസ്വയംഭരണ സ്ഥാപനം മാലിന്യ സംസ്കരണ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളും സംവിധാനങ്ങളും സംബന്ധിച്ച പരാതികളും ഓരോ പരാതിയിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിച്ച നടപടികളും സംബന്ധിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റിപ്പോർട്ട് അവതരിപ്പിക്കും. അവതരണത്തിൽ ഹരിതസഭയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ജനപ്രതിനിധികളോട് ചോദ്യം ചോദിക്കുന്നതിനുള്ള അവസരവും ഹരിതസഭയിൽ നൽകും. രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 മണി വരെയാണ് ഹരിതസഭ സംഘടിപ്പിക്കുന്നത്. സബ് ജില്ലാ കലോത്സവം നടക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ഹരിതസഭ നവംബർ 18 ന് ആണ് സംഘടിപ്പിക്കുക. കുട്ടികളുടെ ഹരിതസഭ പൂർണ്ണമായും ഹരിത ചട്ടങ്ങൾ പാലിച്ചാണ് സംഘടിപ്പിക്കുന്നത്.

പബ്ലിക് റിലേഷൻസ് ഓഫീസർ
**9447587632**